(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ഫെസ്റ്റിവൽ അലവൻസ്

* 833 [897] ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാന ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്ക് ഇക്കഴിഞ്ഞ ഓണക്കാലത്ത് നൽകിയ സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസ് ആ സമയത്തു സർവ്വീസിലിരുന്ന താൽക്കാലിക ജീവനക്കാർക്കും നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത അലവൻസ് താൽക്കാലിക ജീവനക്കാർക്കും നൽകുവാൻ വേണ്ടി ഗവൺമെന്റിൽനിന്നും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) പല ഡിപ്പാർട്ടുമെന്റുകളും താൽക്കാലിക ജീവനക്കാർക്ക് പ്രസ്തുത അലവൻസ് നൽകിയില്ല എന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) അന്ന് സർവ്വീസിൽ ഇരുന്ന താൽക്കാലിക ജീവനക്കാർക്കും പ്രസ്തുത അലവൻസ് നൽകുവാൻ നിർദ്ദേശം കൊടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) താൽക്കാലിക ജീവനക്കാരും സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസിനർഹരാണ്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ആവശ്യമായ ഉത്തരവുകളും ഇതിനകംതന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ അലവൻസിന് അർഹതയുള്ള ഏതെങ്കിലും ജീവനക്കാരന് അതു ലഭിച്ചിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടാൽ യുക്തമായ നടപടികളും കൈക്കൊള്ളുന്നതാണ്.

താൽക്കാലിക സേവനമനുഷ്ഠിക്കുന്ന വികലാംഗരെ സ്ഥിരപ്പെടുത്താൻ നടപടി

* 834 [899] ശ്രീ. പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും പ്രത്യേക കാലയളവിനുള്ളിൽ ഏതെങ്കിലും ദിവസം ഗവൺമെന്റ് സർവീസുകളിൽ താൽക്കാലിക സേവനമനുഷ്ഠിച്ച വികലാംഗരെ സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു കാലഘട്ടത്തിൽ; എന്ത് അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തി;

(സി) ഇപ്പോഴും സർവ്വീസിൽ താൽക്കാലികസേവനമനുഷ്ഠിക്കുന്ന വികലാംഗരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly